# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5481 18.11.2019- ൽ മറുപടിയ്ക്ക്

### പ്രവാസികൾക്ക് നിയമസഹായ സെൽ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമസഹായ സെൽ ജി.സി.സി. രാജ്യങ്ങളിൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | എ)<br>&<br>ബി) | വിവിധ GCC രാജ്യങ്ങളിൽ കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ "പ്രവാസി നിയമസഹായ പദ്ധതി" ആവിഷ്കരിച്ച് ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ച് വരുകയാണ്. അജ്ഞത മൂലം അന്യ നാട്ടിൽ, പ്രത്യേകിച്ച് ഗൾഫ് കോ-ഓപ്പറേഷൻ കൗൺസിൽ (GCC) രാജ്യങ്ങളിൽ ഉണ്ടാകുന്ന നിയമ കുരുക്കുകളിലും കോടതി വ്യവഹാരങ്ങളിലും യാതൊരുവിധ നിയമസഹായവും ലഭിക്കാത്ത കേസുകളിലും നിയമോപദേശം, നഷ്ടപരിഹാരം/ദയാഹർജികൾ എന്നിവയ്ക്ക് സഹായിക്കുക, മലയാളി സാംസ്കാരിക സംഘടനകളുമായി ചേർന്ന് നിയമ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക തുടങ്ങിയവയാണ് നിയമ സഹായ സെൽ മുഖാന്തിരം പ്രവാസികൾക്ക് ലഭിക്കുന്ന സഹായങ്ങൾ. |
| ബി) | ഏതൊക്കെ സഹായങ്ങളാണ് നിയമസഹായ സെൽ മുഖാന്തിരം പ്രവാസികൾക്ക് ലഭിക്കുന്നത് എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ